Vol-1,N0:31
24-11-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

# ജാഗ്രത

പ്രധാനവാർത്തകൾ

01. കെ.ഇ.ആർ. നിർദ്ദേശങ്ങൾ: മാനേജുമെന്റുകളുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റം: കെ.സി.ബി.സി. ഐക്യ-ജാഗ്രത കമ്മീഷൻ
02. വിദ്യാഭ്യാസ ചട്ട ഭേദഗതി നിർദ്ദേശങ്ങളോട് വിയോജിപ്പ് രൂക്ഷം.
03. കെ.ഇ.ആർ.പരിഷ്കാരം: ശനിയാഴ്ചകൾ പ്രവർത്തിദിനങ്ങളാക്കേണ്ടിവരും
04. എയ്ഡഡ് സ്കൂൾ മേഖലയെ തകർക്കുന്ന കരിനിയമം: കത്തോലിക്കാകോൺഗ്രസ്
05. കെ.സി.ബി.സി. ഐക്യ-ജാഗ്രത കമ്മീഷൻ പ്രതിഷേധിച്ചു
06. കെ.സി.ബി.സി. നാടകമേള അവാർഡുകൾ വിതരണം ചെയ്തു.
07. ഈശ്വരവിശ്വാസവും നിരീശ്വരവാദവും: പി.ഒ.സി.യിൽ സിംപോസിയം

## 01. കെ.ഇ.ആർ. നിർദ്ദേശങ്ങൾ: മാനേജുമെന്റുകളുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റം: കെ.സി.ബി.സി. ഐക്യ-ജാഗ്രത കമ്മീഷൻ

എയ്ഡഡ് സ്കൂൾ അധ്യാപകരുടെയും ജീവനക്കാരുടെയും നിയമനം പി.എസ്.സി.യിൽ നിന്നും മാനേജർ നടത്തണമെന്ന കെ.ഇ.ആർ വ്യവസ്ഥ മാനേജ്മെന്റ് സ്കൂളുകളുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും നിഷേധിക്കലാണെന്നും അത് ഒരു തരത്തിലും അംഗീകരിക്കാനാവില്ലെന്നും കെ.സി.ബി.സി. ഐക്യ-ജാഗ്രത കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു. എയ്ഡഡ് സ്കൂൾ അധ്യാപകരെ സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന അധികാരവും അംഗീകരിക്കാനാവില്ല. ഇത് നല്ല നിലവാരത്തിൽ നടത്തി വരുന്ന സ്കൂളുകളുടെ വിദ്യാഭ്യാസാന്തരീക്ഷം രാഷ്ട്രീയവത്കരിക്കുവാനും നശിപ്പിക്കുവാനും കാരണമാകും. പി.എസ്.സി. വഴി മറ്റു സ്ഥലങ്ങളിൽ നിന്നുവരുന്ന അധ്യാപകർക്ക് മാനേജ്മെന്റിനോട് കൂറും ആത്മാർത്ഥതയും കുറവായിരിക്കും. ശിക്ഷിക്കുവാനുള്ള അധികാരം തദ്ദേശസ്ഥാപനങ്ങൾക്കുള്ളപ്പോൾ സ്വാഭാവികമായും അധ്യാപകർ തദ്ദേശസ്ഥാപനങ്ങൾ ഭരിക്കുന്ന രാഷ്ട്രീയക്കാരുടെ വരുതിയിലേക്കു വരുവാനേ സഹായിക്കുകയുള്ളു. തദ്ദേശസ്ഥാപനങ്ങൾ ഭരിക്കുന്ന രാഷ്ട്രീയക്കാർ തങ്ങളുടെ ഇംഗിതത്തിനു വഴങ്ങാത്ത അധ്യാപകരെ ശിക്ഷിക്കുന്നതായിരിക്കും അവരുടെ മുഖ്യഅജണ്ട. ഇത് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിലവാരം താഴ്ത്തും. നല്ല രീതിയിൽ നടക്കുന്ന മാനേജ്മെന്റ് സ്കൂളുകളുടെ അവസ്ഥയും സർക്കാർ സ്കൂളിന്റെ അവസ്ഥയിലേക്ക് അധഃപതിക്കും.

എല്ലാ സ്കൂളുകളിലും പഞ്ചായത്ത് മെമ്പറിന്റെ അധ്യക്ഷതയിൽ രൂപീകരിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന സ്കൂൾ വികസനസമിതി മാനേജ്മെന്റിന്റെ നിലനിൽക്കുന്ന അവകാശങ്ങളെ ഹനിക്കുവാനേ ഉപകരിക്കുകയുള്ളൂ. തദ്ദേശസ്ഥാപനങ്ങളുമായി ആലോചിച്ച് എ.ഇ.ഒ. യോ ഡി.ഇ.ഒ. യോ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ സ്വാഭാവികമായും രാഷ്ട്രീയക്കാരായിരിക്കും. ഇത് പിൻവാതിലിലൂടെ രാഷ്ട്രീയം സ്കൂളുകളിൽ കൊണ്ടുവരാൻ ഇടയാക്കും; കമ്മീഷൻ സെക്രട്ടറി അഭിപ്രായപ്പെട്ടു.

സ്കൂൾ സമയം രാവിലെ 9.00 മുതൽ വൈകീട്ട് 5.00 വരെയാക്കുന്നത് കുട്ടികളിൽ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. 5 മണിക്കൂർ തുടർച്ചയായി ക്ലാസ്സിലിരിക്കുന്ന വിദ്യാർത്ഥികൾക്ക്

ബാക്കിയുള്ള 3 മണിക്കൂർ കായികാഭ്യാസത്തിലേർപ്പെടുവാനുള്ള ക്ഷമത താരതമ്യേന കുറവായിരിക്കും. മാത്രമല്ല, മൂന്നു മണിക്കൂർ കായികാഭ്യാസത്തിന് പരിശീലനം നൽകുവാൻ പ്രാവീണ്യം നേടിയ വേണ്ടത്ര അധ്യാപകരും സ്കൂളുകളിൽ ഇല്ല. അതിനാൽ കെ.ഇ.ആർ. ഭേദഗതിയുടെ കരടുരൂപം ഈ രീതിയിൽ അംഗീകരിക്കാനാവില്ലെന്ന് കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു.

02. **വിദ്യാഭ്യാസ ചട്ട ഭേദഗതി നിർദേശങ്ങളോട് വിയോജിപ്പ് രൂക്ഷം.** (Deepika 18-11-2007)

കേരള വിദ്യാഭ്യാസ ചട്ടഭേദഗതി കരടിലെ നിർദേശങ്ങളോടുള്ള എതിർപ്പ് രൂക്ഷമാകുന്നു. ഭേദഗതിയിലെ പല നിർദേശങ്ങളും അപ്രായോഗികവും ഭരണഘടനാവിരുദ്ധവുമാണെന്നു വിവിധ അധ്യാപകസംഘടനകളും കുറ്റപ്പെടുത്തി. എയ്ഡഡ് സ്ക്കൂൾ നിയമനം പി.എസ്.സി.ക്ക് വിടണമെന്ന നിർദ്ദേശവും വിദ്യാഭ്യാസസ്ഥാപനങ്ങൾ തദ്ദേശസ്ഥാപനങ്ങളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശവും കേരളീയ സാഹചര്യത്തിൽ പ്രസക്തമല്ലെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. വിവിധ സംഘടനകളും ഇക്കാര്യം ചൂണ്ടിക്കാട്ടുന്നു. വേണ്ടത്ര ചർച്ചകൾ നടത്താതെയാണ് കരട് തയ്യാറാക്കിയിരിക്കുന്നതെന്നും ആക്ഷേപമുണ്ട്. മുൻചീഫ്സെക്രട്ടറി സി.പി.നായർ അധ്യക്ഷനായ പരിഷ്കരണസമിതിയാണ് കരട് തയ്യാറാക്കിയിരിക്കുന്നത്. കരടിലെ നിർദ്ദേശങ്ങൾ 22ന് ചർച്ചചെയ്തശേഷം ഈ മാസം അവസാനത്തോടെ സർക്കാരിന്സമർപ്പിക്കുമെന്നാണ് അറിയുന്നത്.

അധ്യാപകനിയമനങ്ങൾ, സ്ക്കൂൾനടത്തിപ്പ്, അധ്യാപകപരിശീലനം, സ്കൂൾ സമയം, തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടൽ തുടങ്ങിയ നിയമവിധേയമല്ലാത്ത ഒട്ടേറെ വ്യവസ്ഥകളാണ് കരട് നിർദ്ദശത്തിലുള്ളതെന്ന് കെ.എസ്.ടി.യു സംസ്ഥാന കമ്മറ്റി കുറ്റപ്പെടുത്തി. നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായ നിർദ്ദേശങ്ങൾ വിദ്യാഭ്യാസമേഖലയിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കും. ഉത്കണ്ഠാകുലവും ആശങ്കാജനകവുമായ ഈ നിർദ്ദേശങ്ങൾ പിൻവലിക്കാതെ ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കില്ലെന്നും കെ.എസ്.ടി.യു ഭാരവാഹികൾ വ്യക്തമാക്കി. എയ്ഡഡ് സ്ക്കൂൾനിയമനം പി.എസ്.സി.ക്ക് വിടണമെന്ന നിർദ്ദേശം വിദ്യാഭ്യാസമേഖലയിൽ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന കാര്യം ഉറപ്പാണ്. അധ്യയനദിവസം 220 ആക്കാനുള്ള നീക്കവും അധ്യാപകരുടെ രൂക്ഷമായ എതിർപ്പിന് കാരണമായിട്ടുണ്ട്. പൊതുവിദ്യാഭ്യാസത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണ് വിദ്യാഭ്യാസ ചട്ട ഭേദഗതി കരടെന്നും വിമർശനമുണ്ട്. കേരളപാഠ്യപദ്ധതി ചട്ടക്കൂടിലെ വിവാദമായ പല നിർദ്ദേശങ്ങളും വിദ്യാഭ്യാസ ചട്ട ഭേദഗതിയുടെ കരടിലും ഉൾപ്പെട്ടിട്ടുണ്ട്.

എയ്ഡഡ് സ്ക്കൂളുകളിലെ അധ്യാപക, അനധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖേനയായിരിക്കണമെന്നാണ് കരടിലെ സുപ്രധാനമായ നിർദേശം. സ്ക്കൂളുകളിലെ ഒഴിവ് സംബന്ധിച്ച് ബന്ധപ്പെട്ട സ്കൂൾ മാനേജർമാർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെയാണ് അറിയിക്കേണ്ടത്. ഡി.ഡി ഇക്കാര്യം പി.എസ്.സി.യെ അറിയിക്കുകയും പി.എസ്.സി പരീക്ഷ നടത്തി,റാങ്ക് ലിസ്റ്റ് തയ്യാറാക്കും. ഈ റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കണം സ്കൂൾ മാനേജർമാർ നിയമനം നടത്തേണ്ടത്. വാർഡ് മെമ്പർ ചെയർമാനായി വിദ്യാലയസമിതി രൂപീകരിക്കാനും അധ്യാപകരുടെമേൽ ശിക്ഷാനടപടി സ്വീകരിക്കാൻ ത്രിതലപഞ്ചാ യത്തുകൾക്ക് അധികാരം നൽകുന്ന വ്യവസ്ഥയും കരട് ചട്ടത്തിലുണ്ട്. ഇക്കാര്യങ്ങളൊക്കെ നിർദേശങ്ങൾ മാത്രമാണെന്നും ഇതു സംബന്ധിച്ച് അന്തിമതീരുമാനമെടുത്തിട്ടില്ലെന്നും പരിഷ്കരണസമിതി അധ്യക്ഷൻ സി.പി.നായർ ‘ദീപിക’ പറഞ്ഞു.

വിവിധ തലത്തിൽ നടത്തിയ ചർച്ചയിൽ ഇക്കാര്യങ്ങളിൽ രൂക്ഷമായ അഭിപ്രായവ്യത്യാസം ഉയർന്നുവന്നിരുന്നു. 22ന് നടക്കുന്ന യോഗത്തിൽ ഈ വിഷയങ്ങൾ ചർച്ചചെയ്തശേഷം ആവശ്യമായ മാറ്റങ്ങളോടെ ഈ മാസം അവസാനം തന്നെ കരട് സർക്കാരിന് സമർപ്പിക്കും. ധനവകുപ്പിൽ നിന്നും വേണ്ടത്ര സഹകരണം ലഭിച്ചില്ലെന്നും അദ്ദേഹം പറഞ്ഞു. മലപ്പുറം ഉൾപ്പെടെയുള്ള ജില്ലകളിൽ സിറ്റിംഗ് നടത്തുന്നതിന് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല. കരട് സമർപ്പിക്കാൻ ഒരു മാസത്തെ സമയംകൂടി ലഭിച്ചിരുന്നെങ്കിൽ സൗകര്യമാകുമായിരുന്നു. എന്നാൽ ഇക്കാര്യം സർക്കാരിനോടാവശ്യപ്പെട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

03. **കെ.ഇ.ആർ.പരിഷ്കാരം: ശനിയാഴ്ചകൾ പ്രവർത്തിദിനങ്ങളാക്കേണ്ടിവരും** (Madhyamam 17-11-2007)

അധ്യയനദിനങ്ങൾ വർദ്ധിപ്പിക്കാനുള്ള കരട് വിദ്യാഭ്യാസചട്ടത്തിലെ നിർദ്ദേശം സ്കൂൾ അവധിദിവസങ്ങളുടെ എണ്ണം കുറയ്ക്കും. അധ്യയനദിനങ്ങൾ 200ൽ നിന്ന് 220 ആയി വർദ്ധിപ്പിക്കണമെന്നാണ്

കെ.ഇ.ആർ പരിഷ്കരണകമ്മിറ്റിയുടെ കരട് ചട്ടത്തിൽ പറയുന്നത്. സാധാരണ 185 അധ്യയന ദിനങ്ങളാണ് ഒരു വർഷം ലഭിക്കാറുള്ളത്. ഈ വർഷം എങ്ങനെയും 200 അധ്യയന ദിനങ്ങൾ തികക്കുമെന്ന പ്രഖ്യാപനം സർക്കാർ നടത്തിയെങ്കിലും ലക്ഷ്യപ്രാപ്തി കൈവരിക്കില്ലെന്ന് ഇതിനകം വ്യക്തമായി കഴിഞ്ഞു. ഈ സാഹചര്യത്തിൽ അധ്യയനദിനങ്ങളുടെ എണ്ണം 220 ആയി വർധിപ്പിക്കണമെന്ന കരട് ചട്ടത്തിലെ വ്യവസ്ഥ യാഥാർഥ്യമാകണമെങ്കിൽ ശനിയാഴ്ച കൂടി സ്കൂൾ പ്രവൃത്തിദിവസമാക്കേണ്ടി വരും. അല്ലെങ്കിൽ ഇപ്പോൾ അനുവദിക്കുന്ന രണ്ടുമാസത്തെ മധ്യവേനലവധി പരിമിതപ്പെടുത്തി അധ്യയനവർഷം പുനഃക്രമീകരിക്കേണ്ടിവരുമെന്നാണ് ചൂണ്ടിക്കാട്ടപ്പെടുന്നത്.

അധ്യാപകരെ സസ്പെന്റ് ചെയ്യുന്നതുൾപ്പെടെ ശിക്ഷാധികാരം കെ.ഇ.ആറിൽ ഉൾപ്പെടുത്തുന്നത് വിവാദങ്ങൾക്ക് വഴിതെളിക്കുമെന്ന് ഉറപ്പാണ്. എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് രാഷ്ട്രീയ പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ശിക്ഷാധികാരം നൽകുന്നത് ദുരുപയോഗപ്പെടുത്താനിടയാക്കും. സ്കൂൾ അപ്ഗ്രഡേഷന് ബന്ധപ്പെട്ട പഞ്ചായത്ത് ഭരണസമിതിയുടെ അനുമതി നേടിയിരിക്കണമെന്ന വ്യവസ്ഥ പഞ്ചായത്ത് ഭരണം നടത്തുന്ന രാഷ്ട്രീയപാർട്ടി ദുരുപയോഗപ്പെടുത്താൻ സാധ്യതയേറെയാണ്. കരട് ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള വിദ്യാലയ വികസന സമിതിയിലേക്ക് പ്രദേശവാസികളായ രണ്ടുപേരെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നാമനിർദ്ദേശം ചെയ്യാം. പഞ്ചായത്തിന്റെ ഭരണം നടത്തുന്ന രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾക്ക് മാത്രമാവും ഇത്തരത്തിൽ നോമിനേഷൻ ലഭിക്കുക.സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾപോലും ഇത്തരം നോമിനേഷൻ വഴി അട്ടിമറിക്കപ്പെടാം. എയ്ഡഡ് സ്കൂൾ നിയമനം പി.എസ്.സി മുഖേനയാക്കുന്നതിനുള്ള കരട് നിർദ്ദേശവും വൻ വിവാദം സൃഷ്ടിക്കുമെന്നുറപ്പാണ്. ഇതിനെതിരെ പ്രതിഷേധവുമായി മാനേജ്മെന്റുകൾ രംഗത്തെത്തിക്കഴിഞ്ഞു.കരടുനിർദ്ദേശം യാഥാർത്ഥ്യമായാൽ അതുണ്ടാക്കുന്ന രാഷ്ട്രീയപ്രത്യാഘാതങ്ങൾ വലുതായിരിക്കും. നിലവിലെ ഹൈസ്കൂൾ വിഭാഗവും ഹയർസെക്കൻഡറി വിഭാഗവും സംയോജിപ്പിച്ച് ഹയർസെക്കൻഡറിയെന്ന ഒറ്റ വിഭാഗമായി മാറ്റാനുള്ള നിർദ്ദേശത്തെ അധ്യാപകസംഘടനകൾ ഭയപ്പാടോടെയാണ് കാണുന്നത്. സംയോജിപ്പിക്കൽ നീക്കം സ്ഥാനക്കയറ്റസാധ്യത നഷ്ടപ്പെടുത്തുമെന്ന വിമർശനമാണ് ഉയരുന്നത്. സംയോജനം നടന്നാൽ ഹയർസെക്കൻഡറി വിഭാഗത്തിൽ നിയമിക്കപ്പെടുന്ന മുഴുവൻ അധ്യാപകരുടേയും യോഗ്യത പുനർ നിർണയിക്കേണ്ടിവരും നിലവിൽ ഹൈസ്കൂൾ അധ്യാപക നിയമനത്തിന് ഡിഗ്രിയും ബി.എഡും ആണ് യോഗ്യത. പക്ഷേ, ഹൈസ്ക്കൂൾ വിഭാഗത്തെ ഹയർ സെക്കൻഡറിയുമായി യോജിപ്പിക്കുമ്പോൾ നിയമനത്തിന് ബിരുദാനന്തരബിരുദവും ബി.എഡും യോഗ്യതയായി നിശ്ചയിക്കപ്പെടാനാണ് സാധ്യത. ശമ്പള സ്കെയിലും സമാനമാകും. ശമ്പള പുനഃനിർണയമുണ്ടാകുമ്പോൾ ദോഷകരമാകുമെന്ന ഭയവും നിലവിലെ ഹയർ സെക്കൻഡറി അധ്യാപകരിലുണ്ട്.

മുൻ ചീഫ് സെക്രട്ടറി സി.പി. നായർ അധ്യക്ഷനായ കെ.ഇ.ആർ പരിഷ്കരണകമ്മിറ്റിയിൽ കെ.എസ്.ടി.എ, ജി.എസ്.ടി.യു, എ.കെ.എസ്.ടി.യു എന്നീ അധ്യാപക സംഘടനകളുടെ ഓരോ പ്രതിനിധിവീതം ഉണ്ട്. സംഘടനാനേതാക്കൾ അധ്യാപക സമൂഹത്തിന്റെ താൽപര്യം സംരക്ഷിക്കുമെന്ന പ്രതീക്ഷ അധ്യാപകരിലുണ്ട്. എന്നാൽ കരട് ചട്ടത്തിലെ വ്യവസ്ഥകൾ ഈ പ്രതീക്ഷ നഷ്ടപ്പെടുത്തിയിരിക്കുകയാണ്.

04. **എയ്ഡഡ് സ്കൂൾ മേഖലയെ തകർക്കുന്ന കരിനിയമം: കത്തോലിക്കാകോൺഗ്രസ്**

(Deepika-20-11-2007)

എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളുടെ അധികാരം കവർന്നെടുക്കുന്ന കരിനിയമമാണ് കെ.ഇ.ആർ. നിയമമെന്ന് കത്തോലിക്കാകോൺഗ്രസ് പ്രസിഡന്റ് എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ. വിദ്യാഭ്യാസ നിയമത്തിലെ 11-ാം വകുപ്പനുസരിച്ച് സ്കൂൾ മാനേജർക്കുള്ള നിയമാധികാരം എടുത്ത് കളയാനോ നിയന്ത്രിക്കാനോ പാടില്ല. അത് ഗൗനിക്കാതെയുള്ള നീക്കം അപലപനീയമാണ്. എയ്ഡഡ് സ്കൂളുകളുടെ ഭരണം പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതു വിദ്യാഭ്യാസമേഖലയെ തകർക്കും. വിദ്യാഭ്യാസസ്ഥാപനങ്ങൾ പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതു ചരിത്രപരമായ വിഡ്ഢിത്തമാണെന്നും ദൈവത്തിന്റെ സ്വന്തം നാട്ടിൽ ചെകുത്താന്റെ വിദ്യാഭ്യാസം അടിച്ചേൽപ്പിക്കരുതെന്നുമാണ് ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ കഴിഞ്ഞ ജൂൺ 24-ന് എറണാകുളം വിദ്യാഭവനിൽ നടന്ന പൊതുവിദ്യാഭ്യാസ കൺവെൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ടു പറഞ്ഞതെന്നോർക്കണം. ഇതു മനസിലാക്കി സർക്കാർ വിവേകപൂർവ്വം പ്രവർത്തിക്കുമെന്ന് കരുതുന്നതായും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു.

05. **കെ.സി.ബി.സി. ഐക്യ-ജാഗ്രത കമ്മീഷൻ പ്രതിഷേധിച്ചു**

ആലപ്പുഴ രൂപതയിലെ കെ.സി.വൈ.എം. പ്രവർത്തകർ നടത്തിയ സമാധാന റാലിയിൽ വൈദീകരെയും പ്രവർത്തകരെയും മർദ്ദിച്ച പോലിസ് നടപടിയിൽ കെ.സി.ബി.സി. ഐക്യ -ജാഗ്രത കമ്മീഷൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. യാതൊരു പ്രകോപനവുമില്ലാതെ സമാധാനപരമായി നടത്തിയ ശയനപ്രദക്ഷിണത്തിനു നേരെയാണ് പോലിസ് മർദ്ദനമുണ്ടായത്. സത്യത്തിനും നീതിക്കും വേണ്ടിയുള്ള സമാധാനസമരത്തെ പോലിസിനെ ഉപയോഗിച്ച് അടിച്ചമർത്താനുള്ള സംഘടിതനീക്കമാണിതെന്ന് ഐക്യ-ജാഗ്രത കമ്മീഷൻ സെക്രട്ടറി ഫാ.ജോണി കൊച്ചുപറമ്പിൽ ആരോപിച്ചു. വൈദികരെയും പ്രവർത്തകരെയും മർദ്ദിച്ച പോലിസുകാർക്കെതിരെ നിയമനടപടികളെടുക്കണമെന്ന് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടു.

കോട്ടയത്ത് ഫ്ളാററ് ദുരന്തത്തിൽ മരിച്ച കന്യാസ്ത്രീകളുടെ മഠത്തിലെ മററ് സിസ്റേറഴ്സിനെതിരെ അജ്ഞാതർ വധഭീഷണി മുഴക്കുന്നത് തള്ളിക്കളയാനാവില്ലെന്നും പോലിസ് അധികാരികൾ ശക്തമായ നടപടിയെടുക്കണമെന്നും സിസ്റേറഴ്സിന് ആവശ്യമായ സംരക്ഷണം നല്കണമെന്നും കമ്മീഷൻ സെക്രട്ടറി ഫാ.ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

06. **കെ.സി.ബി.സി. നാടകമേള അവാർഡുകൾ വിതരണം ചെയ്തു.**

(Deepika-19-11-2007)

കെ.സി.ബി.സി. മാധ്യമ ദിനാഘോഷവും അഖിലകേരള പ്രഫഷണൽ നാടകമേള അവാർഡു വിതരണവും പാലാരിവട്ടം പി.ഒ.സി യിൽ നടന്നു. കെ.സി.ബി.സി. മാധ്യമ കമ്മീഷൻ ചെയർമാൻ എറണാകുളം-അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ തോമസ് ചക്യത്ത് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ടി.എം അബ്രഹാം നാടകാവലോകനം നടത്തി. ഫാ.ദേവസി കൊല്ലംകുടിയിൽ, അഡ്വ.ചാർലി പോൾ, റവ.ഡോ. സ്ററീഫൻ ആലത്തറ എന്നിവർ പ്രസംഗിച്ചു. കൊല്ലം അരീനയുടെ 'ആരും കൊതിക്കുന്ന മണ്ണ്' മികച്ച നാടകത്തിനുള്ള അവാർഡ് നേടി. ഈ നാടകം സംവിധാനം ചെയ്ത സതീഷ് സംഗമിത്ര മികച്ച സംവിധായകനുള്ള പുരസ്കാരം ഏററുവാങ്ങി. ഇതേ നാടകത്തിന്റെ രചന നിർവ്വഹിച്ച പ്രഫ.ജയകുമാർ പള്ളിമണ്ണും, രാഷ്ട്രപിതാവ് എന്ന നാടകത്തിന്റെ രചന നിർവ്വഹിച്ച സെബി നായരമ്പലവും മികച്ച രചനയ്ക്കുള്ള പുരസ്കാരം ഏററുവാങ്ങി. തോമ്പിൽ രാജശേഖരൻ മികച്ച നടനുള്ള അവാർഡും ചൂളം സലിം സഹനടനുള്ള പുരസ്കാരവും ഏററുവാങ്ങി. നല്ല നടിയായി തെരഞ്ഞെടുക്കപ്പെട്ട ലതാപോളും സഹനടിയായി തെരഞ്ഞെടുക്കപ്പെട്ട ഓമനരാജുവും സമ്മാനങ്ങൾ സ്വീകരിച്ചു. രംഗപടത്തിനുള്ള അവാർഡ് ആർട്ടിസ്റ്റ് സുജാതനും, പ്രത്യേക ജൂറി പുരസ്കാരം മുഹമ്മദ് പേരാമ്പ്രയ്ക്കും ലഭിച്ചു.

07. **ഈശ്വരവിശ്വാസവും നിരീശ്വരവാദവും: പി.ഒ.സിയിൽ സിംപോസിയം**

കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷന്റെയും പി.ഒ.സി.യുടെയും സംയുക്ത ആഭിമുഖ്യത്തിൽ 2007 നവംബർ മാസം 30-ാം തീയതി വൈകുന്നേരം 4 മണിക്ക് കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സി. ഓഡിറ്റോറിയത്തിൽ "ഈശ്വരവിശ്വാസവും നിരീശ്വരവാദവും" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സിംപോസിയം സംഘടിപ്പിക്കുന്നു. ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. എസ്. രാധാകൃഷ്ണൻ പ്രബന്ധം അവതരിപ്പിക്കും. ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ, ബിഷപ്പ് മാർ തോമസ് ചക്യത്ത്, റവ. ഡോ. സ്റ്റീഫൻ ആലത്തറ, അഹമ്മദ് കബീർ, പ്രൊഫ. എഡ്വേർഡ് എടേഴത്ത്, റവ. ഫാ. ജോണി കൊച്ചുപറമ്പിൽ, മിസിസ് ബീന സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിക്കും.